പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2517 | 01.4.2013 ന് മറുപടിയ്ക്ക്

# സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ.റ്റി. ജോർജ്ജ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഐ.റ്റി.ഐ. കൾ നവീകരിച്ച് സ്കിൽ വികസന രംഗത്തുള്ള കുതിച്ച് ചാട്ടത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) സംസ്ഥാനത്തെ ഐ.ടി.ഐ. കൾ നവീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വ്യാവസായിക പരിശീലന രംഗത്ത് ക്വാളിറ്റി ട്രെയിനിംഗ് ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഐ.ടി.ഐ. കൾക്ക് ഐ.എസ്.ഒ. പോലുള്ള ഗുണ നിലവാര സർട്ടിഫിക്കറ്റ് നേടിയെടുക്കുക, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം പരിശീലനത്തിന് പ്രയോജനപ്പെടുത്തുക, പുതിയതും ആധുനികവുമായ യന്ത്ര സാമഗ്രികളുടെ സംഭരണം, വ്യാവസായിക രംഗത്തെ പ്രമുഖ കമ്പനികളുമായി പരിശീലനത്തിന് സഹായകരമായ കരാറുകളിൽ ഏർപ്പെടുക എന്നിവയും പദ്ധതിയിൽ ലക്ഷ്യം വയ്ക്കുന്നു. രണ്ട് ഐ.ടി.ഐ. കൾക്ക് ഇതിനകം തന്നെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.<br><br>ഇതിനകം വിർച്ച്വൽ ക്ലാസ്റൂം സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പരിശീലനത്തിന് 3D മോഡൽ വിഷ്വൽ ട്രെയിനിംഗ് സംവിധാനം ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡ്രായിംഗ് എന്നീ വിഷയങ്ങൾ തയ്യാറാക്കി കഴിഞ്ഞു. സംസ്ഥാനത്തെ 20 സർക്കാർ ഐ.ടി.ഐ. കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തി, കേന്ദ്ര സർക്കാർ പദ്ധതിയായ "മോഡ്യൂലാർ എംപ്ലോയബിൾ സ്കിൽ" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ വർഷം 25000 പേർക്ക് തൊഴിൽ പരിശീലനം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ? | (സി) സംസ്ഥാന ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ, ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ടയോട്ട, വോക്സ് വാഗൺ, മാരുതി, ആട്ടോഡസ്ക് എന്നീ പ്രമുഖ കമ്പനികളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഐ.ടി.ഐ. കളിൽ വിർച്ച്വൽ ക്ലാസ്സ് റൂം സംവിധാനം ഏർപ്പെടുത്തുകയും ആയതിന്റെ സഹായത്താൽ സംസ്ഥാനത്തെ 16 ഐ.ടി.ഐ. കളിൽ "എംപ്ലോയബിലിറ്റി സ്കിൽ" എന്ന വിഷയത്തിൽ ട്രെയിനിംഗ് നടത്തുന്നതിന് കെൽട്രോണിനെ ഏൽപ്പിക്കുകയും ചെയ്തു. വോക്സ് വാഗൺ, ടയോട്ട എന്നീ കമ്പനികളുടെ ട്രെയിനിംഗ് സെന്ററുകളിൽ വച്ച് പരിശീലകർക്ക് സൗജന്യ ട്രെയിനിംഗ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ